<u>15 -ാം കേരള നിയമസഭ</u>

<u>3 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3731</u> <u>26-10-2021 - ൽ മറുപടിയ്ക്ക്</u>

<u>തിരുവനന്തപുരം മേഖല സഹകരണ ക്ഷീരോൽപാദക യൂണിയനിലെ താൽക്കാലിക നിയമനങ്ങൾ</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി ആർ മഹേഷ് | | **Smt J Chinchurani**<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | തിരുവനന്തപുരം മേഖല സഹകരണ ക്ഷീരോൽപാദക യൂണിയനിൽ അഡ്മിനിസ്ട്രേറ്റീവ് ഭരണം നിലവിൽ വന്ന ശേഷം നടത്തിയ താൽക്കാലിക നിയമനങ്ങൾ എത്രയെന്ന് വ്യക്തമാക്കുമോ; എങ്കിൽ ഏതൊക്കെ തസ്തികകളിൽ എത്ര വീതം എത്ര നാളത്തേക്ക് ആണ് നിയമനം നടത്തിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ; | (എ) | തിരുവനന്തപുരം മേഖല സഹകരണ ക്ഷീരോൽപാദക യൂണിയനിൽ അഡ്മിനിസ്ട്രേറ്റീവ് കമ്മറ്റി ഭരണം ഏറ്റെടുത്തതിനു ശേഷം 176 താൽക്കാലിക നിയമനങ്ങൾ നടത്തിയിട്ടുണ്ട്. 1. തിരുവനന്തപുരം ഹെഡ് ഓഫീസ് - 2 നിയമനങ്ങൾ (ഡ്രൈവർ കം ഓഫീസ് അസിസ്റ്റന്റ്) 2. തിരുവനന്തപുരം ഡെയറി - 120 നിയമനങ്ങൾ (പ്ലാന്റ് അസിസ്റ്റന്റ്) 3. കൊല്ലം ഡെയറി - 17 നിയമനങ്ങൾ (16 പ്ലാന്റ് അസിസ്റ്റന്റ്, 1 ഡ്രൈവർ കം ഓഫീസ് അസിസ്റ്റന്റ്) 4. പത്തനംതിട്ട ഡെയറി - 37 നിയമനങ്ങൾ (31 പ്ലാന്റ് അസിസ്റ്റന്റ്, 1 ഡ്രൈവർ കം ഓഫീസ് അസിസ്റ്റന്റ്, 5 ടെക്നീഷ്യൻ) ഇവയിൽ പ്ലാന്റ് അസിസ്റ്റന്റ് തസ്തിക ആറു മാസത്തേക്കും, മറ്റ് തസ്തികകളിലേയ്ക്ക് ഒരു വർഷത്തേക്കുമാണ് നിയമനം നടത്തിയിട്ടുള്ളത്. നിലവിൽ ഉണ്ടായിരുന്ന താൽക്കാലിക ജീവനക്കാരുടെ കാലാവധി കഴിഞ്ഞ മുറയ്ക്ക് മാനദണ്ഡങ്ങൾ അനുസരിച്ച് പുതിയ താൽക്കാലിക ജീവനക്കാരെ നിയമിച്ചട്ടുള്ളതാണ്. |
| (ബി) | ക്ഷീരവികസന വകുപ്പിൽ നിന്നോ മറ്റു വകുപ്പുകളിൽ നിന്നോ വിരമിച്ച ഉദ്യോഗസ്ഥരെ പ്രസ്തുത സഹകരണ ക്ഷീരോൽപ്പാദക യൂണിയനിൽ നിയമിക്കുന്നതിന് നിയമം അനുവദിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഏതു നിയമത്തിലെ ഏതു വകുപ്പ് പ്രകാരമാണെന്ന് വ്യക്തമാക്കുമോ; | (ബി) | ക്ഷീരവികസന വകുപ്പിൽ നിന്നോ മറ്റു വകുപ്പുകളിൽ നിന്നോ വിരമിച്ച ഉദ്യോഗസ്ഥരെ തിരുവനന്തപുരം മേഖലാ സഹകരണ ക്ഷീരോൽപാദക യൂണിയനിൽ നിയമിച്ചിട്ടില്ല. |
| (സി) | പ്രസ്തുത ക്ഷീരോൽപാദക യൂണിയനിൽ അഡ്മിനിസ്ട്രേറ്റീവ് ഭരണം നിലവിൽ വന്ന ശേഷം ക്ഷീരവികസന വകുപ്പിലെ സർവീസിൽ നിന്നും വിരമിച്ച എത്ര ഉദ്യോഗസ്ഥരെ നിയമിച്ചിട്ടുണ്ട്; എങ്കിൽ എത്ര നാളത്തേക്കാണ് അവരുടെ നിയമനമെന്നും നിയമനം ലഭിച്ചവരുടെ പേര് വിവരം, തസ്തികകൾ, ആകെ ശമ്പളം, ഓരോരുത്തരെയും | (സി) | ക്ഷീരവികസന വകുപ്പിൽ നിന്നോ മറ്റു വകുപ്പുകളിൽ നിന്നോ വിരമിച്ച ഉദ്യോഗസ്ഥരെ തിരുവനന്തപുരം മേഖലാ സഹകരണ ക്ഷീരോൽപാദക യൂണിയനിൽ നിയമിച്ചിട്ടില്ല. |

| | | | |
|---|---|---|---|
| | ഏൽപ്പിച്ചിട്ടുള്ള ഉത്തരവാദിത്തങ്ങൾ എന്നിവയും വെളിപ്പെടുത്താമോ? | | |

സെക്ഷൻ ഓഫീസർ